**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5850** **25-03-2025 - ൽ മറുപടിയ്ക്ക്**

**ട്രാക്കോ കേബിൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 1964 മുതൽ വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ നേരിടുന്ന സാമ്പത്തിക ബാധ്യത ലഘൂകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ ; | (എ) | ട്രാക്കോ കേബിൾ നേരിടുന്ന കടുത്ത സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് സാധ്യമായ എല്ലാ ഇടപെടലുകളും സർക്കാർ നടത്തിയിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷത്തിൽ 3.5 കോടി രൂപ പ്രവർത്തന മൂലധനമായും സ്റ്റാറ്റ്യൂട്ടറി ബാധ്യതകൾ തീർക്കുന്നതിന് 2.40 കോടി രൂപയും സർക്കാർ കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് കമ്പനിയെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി, നിലവിൽ ഉൽപാദനം നിലച്ചിരിക്കുന്ന ഇരുമ്പനം യൂണിറ്റിലെ 35.5 ഏക്കർ ഭൂമി ഇൻഫോപാർക്കിന് കൈമാറുന്നതിന് തീരുമാനിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. കൂടാതെ ഇരുമ്പനം യൂണിറ്റിലെ ജീവനക്കാരെ മറ്റ് യൂണിറ്റുകളിലേക്ക് പുനർവിന്യസിച്ച് ഓർഡറുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രവർത്തന മൂലധനം, പ്രോജക്ട് ഫണ്ട്, സ്റ്റാറ്റ്യൂട്ടറി ബാധ്യതകൾ തീർക്കുന്നതിനുള്ള ധനസഹായം എന്നീ ഇനങ്ങളിലായി സർക്കാരിൽ നിന്നുള്ള ധനസഹായങ്ങളും കെ എസ് ഐ ഡി സി, കെ എം എം എൽ മുതലായ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും ട്രാക്കോ കേബിൾ കമ്പനിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയുടെ ഉല്പന്നങ്ങൾക്ക് വൻ ഡിമാന്റുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം മൂലധനമില്ലാത്തതിനാൽ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ പോലും സാഹചര്യമില്ലാത്ത നിലവിലെ സ്ഥിതി പരിഗണിച്ച് സർക്കാർ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | മേൽ (എ) ചോദ്യത്തിന്റെ മറുപടി കണ്ടാലും. |

| | | | |
|---|---|---|---|
| (സി) | കമ്പനിയുടെ ഉടമസ്ഥതയിലുള്ള 35 ഏക്കർ സ്ഥലം ഇൻഫോ പാർക്കിന് വിറ്റ് സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ? | (സി) | കമ്പനിയുടെ ബാധ്യത ലഘൂകരിക്കുന്നതിനായി സർക്കാർ പട്ടയ ഭൂമിയായ കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ സ്ഥലം ഇൻഫോ പാർക്കിന് കൈമാറുന്നതിലൂടെ ലഭിക്കുന്ന തുക ഉപയോഗിച്ച് കമ്പനിയുടെ സാമ്പത്തിക ബാധ്യതകൾ തീർത്ത് വിവിധ പുനരുജ്ജീവന പദ്ധതികളിലൂടെ കമ്പനിയെ പ്രവർത്തനസജ്ജമാക്കുന്നതിനാണുദ്ദേശിക്കുന്നത്.<br>എന്നാൽ, കമ്പനിയിലെ ചില ജീവനക്കാരും തൊഴിലാളി യൂണിയനുകളും പ്രസ്തുത സ്ഥലം കൈമാറ്റത്തിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തതിനെ തുടർന്ന് തുടർനടപടികൾ ഉദ്ദേശിച്ച വേഗതയിൽ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ